**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.449. 07.01.2014 ൽ മറുപടിയ്ക്ക്.

<u>ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങൾ</u>

| ചോദ്യം<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ;<br>" കെ. മുഹമ്മദുണ്ണി ഹാജി : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) രാസവസ്തുക്കൾ ചേർത്ത് നിർമ്മിക്കുന്ന ഭക്ഷ്യവസ്തുക്കളും മറ്റും ഓണേഴ്സ് പെർമിറ്റുള്ള വാഹനങ്ങളിൽ കൊണ്ടുപോകുന്നത് മോട്ടോർവാഹന നിയമലംഘന മാണോ ; എങ്കിൽ ഇത്തരത്തിലുള്ള എത്ര വാഹനങ്ങളുടെ മേൽ നാളിതുവരെ നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ചരക്കുകൾ സ്വകാര്യ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുന്നത് നിയമലംഘന മാണ്. നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) വിൽപ്പനയ്ക്കുള്ള ഭക്ഷ്യവസ്തുക്കളും പായ്ക്ക് ചെയ്ത രാസവസ്തുക്കളടങ്ങിയ ഭക്ഷണപാനീയങ്ങളും സ്വകാര്യ ഉപയോഗ പെർമിറ്റുള്ള വാഹനങ്ങളിൽ വിതരണത്തിന് കൊണ്ടുപോകുന്നത് മോട്ടോർ വാഹന നിയമപ്രകാരം അനുവദനീയമാണോ ; അല്ലെങ്കിൽ ഇതിനായി ഉപയോഗിച്ചുവരുന്ന സ്വകാര്യവാഹനങ്ങളുടെ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാമോ ? | (ബി) | അനുവദനീയമല്ല. നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ